## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

മി. സ്പീക്കർ: പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ, അങ്ങ് 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തുന്നതിന് നാളത്തേയ്ക്ക് അനുവാദം ചോദിച്ചിരുന്നു. അത് ഇന്ന് അങ്ങേയ്ക്ക് നടത്താവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : ലോകത്താകമാനമുള്ള അംഗപരിമിതരുടെ സ്ഥിതി പരിശോധിച്ചാൽ അവർ സാമൂഹികമായി മാത്രമല്ല ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം എന്നീ മേഖലകളിലും മറ്റുള്ളവരെക്കാൾ പിന്നോക്കമാണെന്ന് കാണാം. ഇത് പ്രധാനമായും അവർ നേരിടുന്ന പല രീതിയിലുള്ള തടസ്സങ്ങൾ, പരിമിതികൾ മൂലമാണ്. കേരളത്തിലെ ഭിന്നശേഷിയുള്ളവരെ സംബന്ധിച്ചും ഈ വസ്തുതകൾ യാഥാർത്ഥ്യമാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ മുഴുവൻ ഭിന്നശേഷിയുള്ള വ്യക്തികളുടെയും സ്ഥിതിവിവരകണക്ക് 2016-ലെ അംഗപരിമിതരുടെ സെൻസസിലൂടെ ശേഖരിച്ചിരിക്കുകയാണ്. ഇന്ത്യയിലാദ്യമായാണ് അംഗപരിമിതരുടെ സെൻസസ് ഉണ്ടാകുന്നത്.

അക്കാര്യത്തിൽ സംസ്ഥാനത്തിന് അഭിമാനിക്കാം. അതിന് സഹായിച്ച എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട്...... ഈ സെൻസസ് റിപ്പോർട്ട് വരുന്ന ദിവസങ്ങളിൽ മെമ്പർമാരുടെ കയ്യിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഡേറ്റാ ബേസ് ഭാവിയിൽ ഇവരുടെ ഓരോ വിഷയത്തിലും തീരുമാനമെടുക്കാൻ നമുക്ക് സഹായകമാകും. 23 ഇനം അംഗപരിമിതരാണുള്ളത്. ഈ 23 ഇനത്തിന്റെയും കാറ്റഗറി തിരിച്ചുള്ള സെൻസസ് റിപ്പോർട്ടാണ് എടുത്തിട്ടുള്ളത്. ഇങ്ങനെയൊരു സെൻസസ് കൊണ്ടുവരാൻ സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മറ്റുള്ള സഹ മന്ത്രിമാരോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇന്ത്യയുടെ മുന്നിൽ കേരളത്തിന് അഭിമാനിക്കാൻ കഴിയുന്ന ഈ സെൻസസ് റിപ്പോർട്ട് സമർപ്പിക്കുന്നുവെന്ന് ഞാൻ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട ചെയറിനോടും നന്ദി പ്രകാശിപ്പിക്കുന്നു.